# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

നം. ഇ.എ./14315/എസ്.എസ്.യു.എസ്./2020 (3)                    തീയതി 13.01.2021

## പരിപത്രം

വിഷയം: 2021 മാർച്ചിൽ നടക്കുന്ന പരീക്ഷകൾ - ഫൈനൽ സെമസ്റ്റർ ബിരുദാനന്തര ബിരുദം/ ഡിപ്ലോമ/4 ഉം 6 ഉം സെമസ്റ്റർ ബിരുദ കോഴ്സുകൾ എന്നിവയുടെ കോഴ്സ് രജിസ്ട്രേഷൻ - സംബന്ധിച്ച്

ഫൈനൽ സെമസ്റ്റർ ബിരുദാനന്തര ബിരുദം/ ഡിപ്ലോമ/ 4 ഉം 6 ഉം സെമസ്റ്റർ ബിരുദം വിദ്യാർത്ഥികളുടെ 2021 മാർച്ചിൽ നടക്കുന്ന സർവ്വകലാശാലാ പരീക്ഷകൾക്കായി എല്ലാ വിദ്യാർത്ഥികളും കോർ / ഇലക്ടീവ് / പ്രാക്ടിക്കൽ / പ്രൊജക്ട് ഉൾപ്പെടെ എല്ലാ കോഴ്സുകളും (പേപ്പറുകളും) ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ വകുപ്പദ്ധ്യക്ഷൻമാർ / ക്യാമ്പസ് ഡയറക്ടർമാർ കൃത്യമായി പാലിക്കേണ്ടതാണ്.

1. കോഴ്സുകൾ രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി 29.01.2021. രജിസ്ട്രേഷനിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ അത് തിരുത്താനുള്ള അവസാന തീയതി 01.02.2021. വകുപ്പദ്ധ്യക്ഷന്മാർ / ക്യാമ്പസ് ഡയറക്ടർമാർ പ്രസ്തുത സമയത്തിനകം, അതാത് ഡിപ്പാർട്ടുമെന്റ് / പ്രാദേശിക കേന്ദ്രത്തിൽ ഉള്ള എല്ലാ വിദ്യാർത്ഥികളെക്കൊണ്ടും കോഴ്സ് രജിസ്ട്രേഷൻ നിർബന്ധമായും ചെയ്യിക്കേണ്ടതാണ്. <u>കോഴ്സ് രജിസ്ട്രേഷൻ കൃത്യസമയത്ത് ചെയ്യാത്ത വിദ്യാർത്ഥികൾക്ക് പരീക്ഷാ രജിസ്ട്രേഷൻ നടത്താനോ പരീക്ഷ എഴുതാനോ സാധിക്കുന്നതല്ല.</u>
2. കൃത്യമായ പരിശോധനയ്ക്കും തിരുത്തലുകൾക്കും ശേഷം, കോഴ്സ് രജിസ്ട്രേഷൻ നടത്തിയതിന്റെ ഹാർഡ് കോപ്പി, എല്ലാ വകുപ്പദ്ധ്യക്ഷന്മാർ / ക്യാമ്പസ് ഡയറക്ടർമാർ , ടീച്ചർ ഇൻ ചാർജിന്റെ ഒപ്പോടു കൂടി 02.02.2021 നകം പ്രൊ-വൈസ്-ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്. ഒരു കോപ്പി ഡിപ്പാർട്ടുമെന്റ് / ക്യാമ്പസ് ഡയറക്ടറുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഒന്ന് വിദ്യാർത്ഥിക്ക് നൽകേണ്ടതുമാണ്.
3. രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികളുടെ കോഴ്സ് രജിസ്ട്രേഷൻ തീയതികൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

അസിസ്റ്റന്റ് രജിസ്ട്രാർ (പരീക്ഷാ വിഭാഗം)
പ്രൊ-വൈസ്-ചാൻസലർക്കു വേണ്ടി

സ്വീകർത്താക്കൾ

1. എല്ലാ വകുപ്പദ്ധ്യക്ഷന്മാർ / ക്യാമ്പസ് ഡയറക്ടർമാർ
2. പി.എസ്. ടു. വി.സി./പി.വി.സി./രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ
3. പരീക്ഷ ബി/സി/ഡി
4. ഡെപ്യൂട്ടി രജിസ്ട്രാർ / അസിസ്റ്റന്റ് രജിസ്ട്രാർ (പരീക്ഷാ വിഭാഗം)
5. വെബ്സൈറ്റ്/ഇൻഫർമേഷൻ കൗണ്ടർ